(ജി) ഹൈവേ പട്രോൾ സംഘങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നുണ്ടോ; എങ്കിൽ ഇവരുടെ എത്ര അഴിമതി കേസ്സുകൾ പിടികൂടിയിട്ടുണ്ടെന്നും ആരുടെയെല്ലാം പേരിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി വാഹന പരിശോധന ഉർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അമിതവേഗത, മദ്യപിച്ചു വാഹനം ഓടിക്കുക എന്നിവ കണ്ടെത്താൻ സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ, ഗ്യാസ് അനലൈസർ മുതലായവ ഘടിപ്പിച്ചു. 'സ്പീഡ് ട്രയ്സർ' വാഹനങ്ങൾ പ്രധാന നിരത്തുകളിൽ പരിശോധന നടത്താൻ സജ്ജമാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ പരിപാടികൾ ഏകോപിപ്പിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും റോഡു സുരക്ഷാ അതോറിറ്റിയും, റോഡു സുരക്ഷാഫണ്ടും രൂപീകരിക്കാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പൊതുജനങ്ങളേയും ഡ്രൈവർമാരേയും ബോധവൽക്കരിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ പഠിപ്പിക്കുന്നതിനും സെമിനാറുകളും ക്ലാസുകളും നടത്തിവരുന്നു. സ്കൂൾ പാഠ്യ പദ്ധതിയിൽ റോഡു സുരക്ഷ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. കൂടാതെ ട്രാഫിക് സിഗ്നൽ ലൈറ്റുകളും സൈൻബോർഡുകളും സ്ഥാപിച്ചുവരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഉണ്ട്. ഇവർ റിപ്പോർട്ടു ചെയ്ത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ജി) ഹൈവേ പട്രോൾ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിക്കുന്നുണ്ട്. അഴിമതി കേസുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

വാർഷിക റിപ്പോർട്ടും ബാലൻസ് ഷീറ്റും ഫയൽ ചെയ്യാത്ത സർക്കാർ കമ്പനികൾ

162 [817] ശ്രീ. വർക്കല കഹാർ:
" എം. എ. ചന്ദ്രശേഖരൻ:
" ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക റിപ്പോർട്ടും ബാലൻസ് ഷീറ്റും ഫയൽ ചെയ്യാത്ത എത്ര സർക്കാർ കമ്പനികൾ സംസ്ഥാനത്തുണ്ട്;

† അനുബന്ധം XVII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ബി) ഇവ ഏതെന്നും എത്ര വർഷത്തെ റിപ്പോർട്ടും ബാലൻസ് ഷീറ്റും ഇവ ഫയൽ ചെയ്തിട്ടില്ലെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഇവയിൽ ഏതെങ്കിലും കമ്പനിയുടെമേൽ സാമ്പത്തിക കുറ്റങ്ങൾക്കായുള്ള കോടതിയിൽ കേസ് നടക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) ഇവയുടെ വാർഷിക റിപ്പോർട്ടും ബാലൻസ് ഷീറ്റും ഫയൽ ചെയ്യുന്നതിന് വന്ന കാലതാമസത്തിന് കാരണം അറിയിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾ

163 [819] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഈ ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(സി) ഇതിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും ഇനി പിടികൂടാൻ കഴിയാത്തതായി എത്ര പേരുണ്ടെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ആക്രമണങ്ങളിൽ പരിക്കേറ്റവർ എത്ര;

(ഇ) ഗുണ്ടാ-മാഫിയാ അതിക്രമങ്ങൾ തടയുവാൻ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) പ്രസ്തുത നടപടികളുടെ ഭാഗമായി ഈ അതിക്രമങ്ങൾ തടയുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സാമൂഹ്യ വിരുദ്ധരുടേയും കുലിത്തല്ലുകാരുടേയും ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 130 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(സി) മേൽ കേസുകളിലായി 262 പേരെ പിടികൂടുകയും 12 പേരെ ഇനിയും പിടികൂടുവാനുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly